II ഇ. ബി. XIV - കേരള നിയമസഭ/IX- 5

# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 ഫെബ്രുവരി 01, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

14(*151) തലസ്ഥാനത്തെ ആക്രമണവും തുടർനടപടികളും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, തിരുവനന്തപുരത്ത് സി.പി.ഐ.(എം.) പ്രവർത്തകർക്കെതിരെയുണ്ടായ അക്രമ സംഭവങ്ങളിൽ ബി.ജെ.പി./ആർ.എസ്.എസ്. പ്രവർത്തകർക്കെതിരെ വിവിധ പോലീസ് സ്റ്റേഷനുകളിലായി രജിസ്റ്റർ ചെയ്തിട്ടുള്ള 8 കേസ്സുകളിൽ ഒന്നിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ടെന്നും മറ്റുള്ളവ അന്വേഷണാവസ്ഥയിലാണെന്നും പ്രതികളിൽ ആറ് പേരെ അറസ്റ്റ് ചെയ്യുകയും 2 പേരെ അറസ്റ്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. തിരുവനന്തപുരം കോർപ്പറേഷന്റെ കൗൺസിൽ യോഗത്തിൽ വച്ച് മേയറെ അപായപ്പെടുത്താൻ ശ്രമിച്ച 20 ബി.ജെ.പി. വാർഡ് കൗൺസിലർമാർക്കെതിരെ മ്യൂസിയം പോലീസ്

സ്റ്റേഷനിൽ വിവിധ വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്മേൽ കന്റോൺമെന്റ് അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് അന്വേഷണം നടത്തിവരുന്നുണ്ടെന്നും പ്രസ്തുത കേസിൽ 7 കൗൺസിലർമാർ മുൻകൂർ ജാമ്യമെടുക്കുകയും കൗൺസിലറല്ലാത്ത ഒരാളെ അറസ്റ്റ് ചെയ്ത് 28 ദിവസം ജുഡീഷ്യൽ കസ്റ്റഡിയിൽ വച്ചതിനുശേഷം ഉപാധികളോടെ ജാമ്യത്തിൽ വിടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സംഭവങ്ങളിന്മേൽ കേന്ദ്ര ഏജൻസികൾ സ്വീകരിച്ച നിലപാട് ശരിയല്ലെന്നും പ്രതികളെ സംരക്ഷിക്കുന്ന നിലപാടാണ് ബി.ജെ.പി. നേതൃത്വം സ്വീകരിക്കുന്നതെന്നും പോലീസിൽ ആർ.എസ്.എസ്. സെൽ പ്രവർത്തിക്കുന്നുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും വിവിധ പോലീസ് സ്റ്റേഷനുകളിൽ ബി.ജെ.പി. പ്രവർത്തകർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. പോലീസ് നിഷ്പക്ഷ അന്വേഷണം നടത്തി ആയുധങ്ങളും ബോംബുകളും കണ്ടെത്തുകയും ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ക്രമസമാധാനം സംരക്ഷിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുന്നുണ്ടെന്നും രാഷ്ട്രീയ അക്രമങ്ങളും സംഘർഷങ്ങളും തടയുന്നത് സംബന്ധിച്ച് സർവ്വകക്ഷി, ഉഭയകക്ഷി ചർച്ചകൾ നടത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

15(*152) <u>ഐ.ടി. രംഗത്തെ തൊഴിൽ സാധ്യത</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, കേരളത്തിലെ മൂന്ന് ഐ.ടി. പാർക്കുകളെ 'കേരള ഐ.ടി. പാർക്ക് ' എന്ന ബ്രാൻഡിന്റെ കീഴിൽ കൊണ്ടുവന്നിട്ടുണ്ടെന്നും മിതമായ നിരക്കിൽ ലോകോത്തര നിലവാരമുള്ള ഐ.ടി. കെട്ടിടങ്ങൾ, സുതാര്യമായ കരാർ വ്യവസ്ഥകൾ, മികച്ച ജല-വൈദ്യുതി വിതരണ സംവിധാനങ്ങൾ, ഇന്റർനെറ്റ് കണക്റ്റിവിറ്റി തുടങ്ങിയ സൗകര്യങ്ങൾ അവിടെ സജ്ജീകരിച്ചിട്ടുണ്ടെന്നും ഇത്തരം സൗകര്യങ്ങളുള്ള കൂടുതൽ സ്ഥലം ലഭ്യമാക്കുന്നതിലൂടെയും യുവതീ യുവാക്കളുടെ തൊഴിൽപരമായ കഴിവ് വർദ്ധിപ്പിക്കുകവഴിയും ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങളുണ്ടാകുമെന്നും സഭയെ അറിയിച്ചു. ഐ.ടി. മേഖല വികസിക്കാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനും തൃശ്ശൂർ ജില്ലയിലെ കൊരട്ടി ഐ.ടി. പാർക്ക് വികസിപ്പിക്കുന്നതിനും കണ്ണൂർ സൈബർ പാർക്കിൽ മറ്റ് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഉന്നതനിലവാരമുള്ള നെറ്റ്‌വർക്ക് അടിസ്ഥാന സൗകര്യം വികസിപ്പിച്ചുകൊണ്ട് ഐ.ടി. അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ സംസ്ഥാനമൊട്ടാകെ ലഭ്യമാക്കുന്നതിനായി ആരംഭിച്ച കേരള സംസ്ഥാന ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക് (KFON) പദ്ധതിയുടെ നടത്തിപ്പ് ചുമതല KSEBL-ഉം KSITIL-ഉം ചേർന്ന് തുല്യ ഓഹരി പങ്കാളിത്തത്തോടുകൂടി രൂപീകരിക്കുന്ന സംയുക്ത

സംരംഭത്തിനായിരിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. തിരുവനന്തപുരത്തെ ടെക്നോ സിറ്റിയിൽ 5 കമ്പനികൾക്ക് വ്യവസായ സംരംഭങ്ങൾക്കാവശ്യമായ ഭൂമി നൽകുകയും നോളജ് സിറ്റിക്കുവേണ്ടി 100 ഏക്കർ ഭൂമി നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചി ഇൻഫോപാർക്കിന്റെ രണ്ടാം ഘട്ടത്തിലും തൃശ്ശൂർ, ചേർത്തല, ടി.ബി.സി. എന്നിവിടങ്ങളിലെ ഹബ്ബ് & സ്പോക്കിലും കൂടി 60 ലക്ഷം ചതുരശ്ര അടി കെട്ടിടങ്ങളും കോഴിക്കോട് സൈബർ പാർക്കിന്റെ ഐ.ടി. ബിൽഡിംഗും സ്മാർട്ട് സിറ്റിയുടെ ഒന്നാംഘട്ട നിർമ്മാണവും പൂർത്തിയായിട്ടുണ്ടെന്നും സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. സംസ്ഥാനത്ത് സ്റ്റാർട്ട്-അപ് സംരംഭങ്ങൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും ഏകജാലക സ്റ്റേറ്റ് പോർട്ടൽ സംവിധാനം ആരംഭിക്കുമെന്നും ഔട്ട്സോഴ്സിംഗ് നിർത്തലാക്കിയതുമൂലമുണ്ടായ ഐ.റ്റി. മേഖലയിലെ പ്രതിസന്ധി പരിഹരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

16(*153) <u>കെ.എസ്.ആർ.ടി.സി. യാത്രക്കാരിൽനിന്നുള്ള സെസ്സ് പിരിവ്</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, കെ.എസ്.ആർ.ടി.സി. ടിക്കറ്റിന്റെ ഭാഗമായി യാത്രക്കാരിൽ നിന്ന് പിരിച്ചിരുന്ന സെസ്സ്, യാത്രക്കാർക്ക് യാത്രാവേളയിൽ ഉണ്ടാകുന്ന അപകടങ്ങളിൽ അടിയന്തര ചികിത്സ നല്കുന്നതിനും

അവർക്ക് മെച്ചപ്പെട്ട സൗകര്യവും ജീവനക്കാർക്ക് സാമൂഹ്യ സുരക്ഷയും ഏർപ്പെടുത്തുന്നതിനും പെൻഷൻ വിതരണം ചെയ്യുന്നതിനുമാണ് വിഭാവനം ചെയ്തിരുന്നതെന്നും പ്രസ്തുത തുകയടക്കം എല്ലാ വരുമാനവും റവന്യൂ അക്കൗണ്ടിലാണ് ചേർത്തിരിക്കുന്നതെന്നും സഭയെ അറിയിച്ചു. കെ.എസ്.ആർ.ടി.സി.ക്ക് ഈ വർഷം 685 കോടി രൂപ പദ്ധതിയേതര വിഹിതമായി നൽകിയിട്ടുണ്ട്. പെൻഷനാവശ്യമായ തുകയുടെ പകുതി സർക്കാർ നല്കുമെന്ന വ്യവസ്ഥ പാലിച്ചാലും കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ കഴിയുകയില്ലെന്നും പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി 3350 കോടി രൂപ കൺസോർഷ്യം ബാങ്കിൽ നിന്ന് വായ്പയായി ലഭ്യമാക്കുന്നതിലൂടെ പ്രതിമാസം അറുപത് കോടി രൂപ കെ.എസ്.ആർ.ടി.സി.യുടെ വായ്പാ തിരിച്ചടവിൽ കുറവ് വരുത്താനും കുടിശ്ശികയില്ലാതെ പെൻഷൻ നൽകാനും സാധിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിപ്പിക്കുന്നത് സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടെന്നും പ്രസ്തുത സ്ഥാപനത്തിന്റെ സേവനവും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കുമെന്നും ഡീസൽ വില വർദ്ധിച്ച സാഹചര്യത്തിൽ ടിക്കറ്റ് നിരക്ക് വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും ലാഭകരമല്ലാത്ത റൂട്ടുകളിൽ മിനി ബസ് സർവ്വീസ്

ആരംഭിക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

17(*154) ടെക്നോസിറ്റി

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, ടെക്നോസിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നും പൂർത്തിയാകുന്നതിന് പത്ത് വർഷം വേണ്ടിവരുമെന്നും സഭയെ അറിയിച്ചു. ടെക്നോസിറ്റിയിൽ ടെക്നോപാർക്കിന്റെ 2 ലക്ഷം ചതുരശ്രഅടി വിസ്തീർണ്ണമുള്ള ആദ്യത്തെ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം 2019 ഏപ്രിൽ മാസത്തോടുകൂടി പൂർത്തിയാകുന്നതാണ്. പദ്ധതികൾ പൂർത്തിയാകുമ്പോൾ ഏകദേശം ഒരു ലക്ഷം പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുമെന്നും ടെക്നോസിറ്റിയിൽ പുതിയ ക്യാമ്പസ് ആരംഭിക്കുവാൻ TCS, IIITMK, KASE, Suntec, Infosys എന്നീ കമ്പനികൾ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്നും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതോടൊപ്പം നൂതന സാങ്കേതിക വിദ്യകളായ ബ്ലോക്ക്ചെയിൻ, സൈബർ സെക്യൂരിറ്റി, കൊഗ്നെറ്റീവ് അനലിറ്റിക്സ്, ഇ-മൊബിലിറ്റി, സ്പെയിസ് സയൻസ് തുടങ്ങിയ മേഖലകൾ ഉൾപ്പെടുത്തിക്കൊണ്ട് സെന്റർ ഓഫ് എക്സലൻസായി ടെക്നോസിറ്റിയിൽ നോളജ് സിറ്റി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടെന്നും ഇതിനായി 100 ഏക്കർ ഭൂമി നൽകാൻ തീരുമാനിച്ചുവെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. പുതിയ സംരംഭകരെയും ഐ.ടി. കമ്പനികളെയും സഹായിക്കുന്ന നിലപാടാണ് സർക്കാർ

സ്വീകരിക്കുന്നതെന്നും ഐ.ടി. മേഖലയിലെ ജീവനക്കാർക്ക് താമസ സൗകര്യം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1820 മുതൽ 2193 വരെയുള്ള ചോദ്യങ്ങളിൽ 74 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)